(ബി) 1986-87 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിലെ ഏത്ര കോളനികൾ കൂടി വൈദ്യുതീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?.

ഉത്തരം

(എ) കൊച്ചുപടിക്കിൽ, ഉന്നിയണിഗൽ, കുറവലങ്ങാട്, പരുത്തിപ്പാറ, കൊടക്കലുപാമ്പ.

(ബി) എട്ട്.

R.E.C. OR S.P.A. WORKS UNDERTAKEN BY THE KSEB

601 [819] **Dr.A.Subba Rao** : Will the minister for electricity be pleased to state ;

(a) the number of R.E.C. or S.P.A. works undertaken by the K.S.E.B. during the years 1983-84, 1984-85 and 1985-86 respectively.

(b) the total amount spent for the same during these years respectively ;

(c) the amount received by the K.S.E.B. as loan or assistance from the Central Government or other agency/Corporation ;

(d) whether there are any new schemes under the R.E.C.or S.P.A.during the year 1986-87 ;

(e) if so the number of schemes and the total amount set apart for this ?

Answer

(a) 71 R. E. C. Schemes were in operation as on 1-4-1983. In addition to this, the K.S.E.B. has got sanction for 112 new R.E.C. Shemes from the R.E.C. as indicated below :

1983-84	26 Schemes
1984-85	50 Schemes
1985-86	36 Schemes

(b) The amounts spent for the above Schemes are as follows:

1983-84	Rs. 393.86 lakhs
1984-85	Rs. 924.51 do.
1985-86	Rs. 1726.412 do.

(c) (1) R. E. C.

1983-84	Rs. 696.00 lakhs
1984-85	Rs. 598.93 do.
1985-86	Rs. 900.66 do.

(2) NABARD

1983-84	Rs. 853.98 lakhs
1984-85	Rs. 754.28 do.
1985-86	Rs. 568.08 do.

LIBRARY ARCHIVES Kerala Legislative Assembly

(d) yes. There are proposals for new Schemes.

(e) 38 new R.E.C.Schemes are proposed to be formulated during 1986-87 at an approximate estimated cost of Rs. 30 crores. The period of implementation of R.E.C. Schemes ranges from 1 to 5 years.

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

602 [820] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ കോളനികൾ എത്രയെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) അവയിൽ 1983-84, 1984-85 195-86, എന്നീ ഓരോ സാമ്പത്തിക വർഷങ്ങളിലും വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ള കോളനികൾ എത്രയാണെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തികവർഷത്തിൽ സെപ്റ്റംബർ 30 വരെ എത്ര കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്ക് എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികൾ ഈ വർഷം തന്നെ വൈദ്യുതീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ,ബി) 30-9-1986 വരെയുള്ള കണക്കനുസരിച്ച് 2630 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ജില്ല, വർഷം ഇവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ 30-9-1986-വരെ 79 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ അവസാന കോളത്തിൽനൽകിയിട്ടുണ്ട്.

(ഡി,ഇ) ഈ സാമ്പത്തിക വർഷം 550 പട്ടികവർഗ്ഗ കോളനികൾ സ്പെഷ്യൽ കംബോണൻറ് പ്ലാൻ പ്രകാരവും 30 പട്ടികവർഗ്ഗ കോളനികൾ ആർ. ഇ. സി. സ്കീമിൽ ഉൾപ്പെടുത്തിയും വൈദ്യുതീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

കച്ചേരിക്കുഴി, മുണ്ടകപ്പാടം വയൽപ്രദേശങ്ങളിലെ വൈദ്യുതി കണക്ഷൻ

603 [821] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോഴിക്കോടു ജില്ല ചെറുമണ്ണൂർ നല്ലളം പഞ്ചായത്തിലെ കച്ചേരിക്കുഴി, മുണ്ടകപ്പാടവയൽ എന്നീ പ്രദേശങ്ങളിലെ നിവാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുതകുന്ന എന്തെങ്കിലും നടപടി ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചിട്ടുണ്ടോ ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly